"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ല – മലപ്പട്ടം ഗ്രാമപഞ്ചായത്ത് - 2003-04 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.1 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.1311/2023/LSGD തീയതി,തിരുവനന്തപുരം, 23-06-2023

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 15.03.2022 ലെ പി എ എൻ/1651/2022- എം3 ( ഡി പി ) നമ്പർ കത്ത്
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 15.03.2023 ലെ ഡി.കെ.എസ്.എ 1218/പി.റ്റി3(പി.റ്റി2)/2022 നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ മലപ്പട്ടം ഗ്രാമപഞ്ചായത്ത് കോടതി വ്യവഹാരവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ചെലവഴിച്ച 34,532/- രൂപ 2003-04 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു

2. ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ 31.10.03 ലെ ജി.ഒ(പി)നം. 321/2003 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം മൂന്ന് കേസുകൾക്കായി 30,000 രൂപ അനുവദിക്കാമായിരുന്നുവെന്നും എന്നാൽ ഗ്രാമ പഞ്ചായത്ത് 4532/- രൂപ അധികമായി ചെലവഴിച്ചുവെന്നും എന്നാൽ പ്രസ്തുത ഉത്തരവ് നിലവിൽ വരുന്നതിന് മുൻപ് ചെലവഴിച്ച ഇനമായതിനാലും കോടതി ചെലവുകൾക്കും വക്കീൽ ഫീസിനത്തിലുമായുള്ള തുക അനുവദിക്കാതിരിക്കാൻ നിർവ്വാഹമില്ലാത്തതിനാലും പഞ്ചായത്തിന് ബോധപൂർവ്വം നഷ്ടം വരുത്തിയിട്ടില്ലായെന്നും ഏതെങ്കിലും തരത്തിലുള്ള ധനദുർവിനിയോഗം നടന്നിട്ടില്ലെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് ബോധ്യം വന്നിട്ടുള്ളതും, കണ്ണൂർ ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതി ചെലവായ തുകയുടെ സാധൂകരണത്തിനായി ശുപാർശ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട് .

3. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും ജില്ലാ ഓഡിറ്റ് മോണിട്ടറിംഗ് സമിതിയുടെയും അനുകൂല ശിപാർശ പരിഗണിച്ച് മലപ്പട്ടം ഗ്രാമപഞ്ചായത്തിന്റെ 2003-2004 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 ലെ പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ എതിരഭിപ്രായമില്ലെന്ന് പരാമർശം ( 2 ) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും കണ്ണൂർ

ജില്ലയിലെ മലപ്പട്ടം ഗ്രാമപഞ്ചായത്തിന്റെ 2003-04 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയ 34,532/ - രൂപയുടെ (മുപ്പത്തി നാലായിരത്തി അഞ്ഞൂറ്റി മുപ്പത്ത് രണ്ട് രൂപ മാത്രം ) ചെലവിന് സാധൂകരണം സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീന പി എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, മലപ്പട്ടം ഗ്രാമപഞ്ചായത്ത്, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/69/2022-LSGD )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ